©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2026 മാർച്ച് 06
06th March 2026
1201 കുംഭം 22
22nd Kumbham 1201
1947 ഫാൽഗുനം 15
15th Phalguna 1947

നമ്പർ
No.
1012

കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

വിജ്ഞാപനം

നമ്പർ 104/ലെഗ്. ബി1/2025/നിയമം.

തിരുവനന്തപുരം, 2026 മാർച്ച് 5
1201 കുംഭം 21
1947 ഫാൽഗുനം 14.

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2026 മാർച്ച് 4-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽ കുമാർ,
നിയമ സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2026-ലെ 3-ാം ആക്റ്റ്

2025-ലെ മലയാളഭാഷാ ആക്റ്റ്

ഇന്ത്യൻ ഭരണഘടനയ്ക്കു വിധേയമായി കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയായി മലയാളഭാഷയെ സ്വീകരിക്കുന്നതിനും എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കുന്നതിനും കേരളത്തിന്റെ സമസ്തമേഖലകളിലും മലയാളഭാഷയുടെ പ്രയോഗം വ്യവസ്ഥചെയ്യുന്നതിനും മലയാളഭാഷയുടെ വളർച്ചയും വ്യാപനവും പരിപോഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—ഇന്ത്യൻ ഭരണഘടനയ്ക്കു വിധേയമായി കേരളസംസ്ഥാനത്തിന്റെ ഔദ്യോഗികഭാഷയായി മലയാളഭാഷയെ സ്വീകരിക്കുന്നതിനും എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കുന്നതിനും കേരളത്തിന്റെ സമസ്തമേഖലകളിലും മലയാളഭാഷയുടെ പ്രയോഗം വ്യവസ്ഥചെയ്യുന്നതിനും മലയാളഭാഷയുടെ വളർച്ചയും വ്യാപനവും പരിപോഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

അധ്യായം I

പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ മലയാളഭാഷാ ആക്റ്റ് എന്ന് പേരു പറയാം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ" എന്നാൽ ഈ ആക്റ്റിന്റെ ഭരണനിർവഹണച്ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥനോ എന്നർഥമാകുന്നു;

(ബി) "ഒന്നാംഭാഷ" എന്നാൽ ഭാഷാപഠനത്തിന്റെ ഭാഗമായി നിർബന്ധമായും പഠിപ്പിക്കേണ്ട ഭാഷ എന്നർഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരളസർക്കാർ എന്നർഥമാകുന്നു;

(ഡി) "ഭാഷാന്യൂനപക്ഷം" എന്നാൽ പരമ്പരാഗതമായി ആശയവിനിമയത്തിന് തമിഴ്, കന്നഡ എന്നീ ഭാഷകൾ ഉപയോഗിക്കുന്നവരും കേരള സംസ്ഥാനത്തിൽ ഭാഷാന്യൂനപക്ഷപ്രദേശമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ അധിവസിക്കുന്നവരുമായ ജനങ്ങൾ എന്നർഥമാകുന്നു;

(ഇ) "ഔദ്യോഗികഭാഷ" എന്നാൽ ഔദ്യോഗികാവശ്യങ്ങൾക്കുള്ള ആശയവിനിമയത്തിനായി സംസ്ഥാനത്ത് ഉപയോഗിക്കുന്ന ഭാഷ എന്നർഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർഥമാകുന്നു;

(ജി) "സംസ്ഥാനം" എന്നാൽ കേരളസംസ്ഥാനം എന്നർഥമാകുന്നു.

അധ്യായം II

മലയാളഭാഷാവികസനവകുപ്പും മലയാളഭാഷാവികസന ഡയറക്ടറേറ്റും

3. മലയാളഭാഷാവികസനവകുപ്പും മലയാളഭാഷാവികസന ഡയറക്ടറേറ്റും.—(1) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിലവിലുള്ള ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിനെ മലയാളഭാഷാവികസനവകുപ്പ് എന്ന് പുനർനാമകരണം ചെയ്യേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) സർക്കാർ, (1)-ാം ഉപവകുപ്പിൻകീഴിലുള്ള വകുപ്പിന്റെ നിയന്ത്രണത്തിൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥരെ പുനർവിന്യസിച്ചുകൊണ്ട് മലയാളഭാഷാവികസന ഡയറക്ടറേറ്റ് രൂപവൽക്കരിക്കേണ്ടതും അങ്ങനെയുള്ള ഡയറക്ടറേറ്റ് നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ചുമതലകൾ നിർവഹിക്കേണ്ടതുമാണ്.

അധ്യായം III

ഔദ്യോഗികഭാഷയുടെ ഉപയോഗം

4. നിയമനിർമ്മാണമേഖല.—(1) സംസ്ഥാനത്തെ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് 1963-ലെ ഔദ്യോഗികഭാഷാ ആക്റ്റിനു (1963-ലെ 19-ാം കേന്ദ്ര ആക്റ്റ്) വിധേയമായി,—

(i) കേരളസംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കുന്ന ബില്ലുകൾ, സഭ പാസാക്കുന്ന ആക്റ്റുകൾ എന്നിവയിലും;

(ii) ഭരണഘടനയുടെ 213-ാം അനുച്ഛേദമനുസരിച്ച് കേരള ഗവർണ്ണർ വിളംബരപ്പെടുത്തുന്ന ഓർഡിനൻസുകളിലും;

(iii) ഭരണഘടനപ്രകാരമോ പാർലമെന്റോ കേരളസംസ്ഥാന നിയമസഭയോ ഉണ്ടാക്കിയ ഏതെങ്കിലും നിയമപ്രകാരമോ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലും ചട്ടങ്ങളിലും റെഗുലേഷനുകളിലും ബൈലാകളിലും ഉപയോഗിക്കേണ്ട ഭാഷ മലയാളമായിരിക്കേണ്ടതും അപ്രകാരം മലയാളഭാഷ ഉപയോഗിക്കുമ്പോൾ അവയുടെ ഇംഗ്ലീഷ് പരിഭാഷ കൂടി പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(2) ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രധാനപ്പെട്ട കേന്ദ്ര ആക്റ്റുകളും സംസ്ഥാന ആക്റ്റുകളും അവയിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ ഉൾപ്പെടുത്തി മലയാളത്തിലേക്ക് നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ തർജമ ചെയ്യേണ്ടതാണ്.

(3) ആക്റ്റുകൾക്കുകീഴിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ചട്ടങ്ങളുടെ മലയാളപരിഭാഷ കൂടി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കാലയളവിനുള്ളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

5. ഔദ്യോഗികഭാഷാമേഖല.—(1) ഇന്ത്യൻ ഭരണഘടനയുടെ 346, 347 അനുച്ഛേദങ്ങൾക്കു വിധേയമായി കേരളസംസ്ഥാനത്തെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും ഉപയോഗിക്കേണ്ട ഭാഷ മലയാളമായിരിക്കേണ്ടതാണ്.

(2) സംസ്ഥാനസർക്കാരിന്റെ കീഴിൽ നിലവിലുള്ളതും പുതിയതായി രൂപവൽക്കരിക്കുന്നതുമായ എല്ലാ വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സംസ്ഥാനസർക്കാരിനു കീഴിലുള്ള അർധസർക്കാർ, സ്വയംഭരണ, സഹകരണ, പൊതുമേഖലാസ്ഥാപനങ്ങൾക്കും (1)-ാം ഉപവകുപ്പ് ബാധകമായിരിക്കുന്നതാണ്:

എന്നാൽ കേന്ദ്രസർക്കാർ, കേന്ദ്രസർക്കാർസ്ഥാപനങ്ങൾ, മറ്റു രാജ്യങ്ങൾ, മറ്റു സംസ്ഥാനങ്ങൾ, ഹൈക്കോടതി, സുപ്രീംകോടതി എന്നിവയുമായുള്ള കത്തിടപാടുകൾക്കും നിയമപരമായി ഇംഗ്ലീഷ് ഉപയോഗിക്കേണ്ടിവരുന്ന മറ്റേതെങ്കിലും സാഹചര്യത്തിലും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റു ഭാഷക്കാരുമായുള്ള കത്തിടപാടുകളിലും ഇംഗ്ലീഷ് ഉപയോഗിക്കാവുന്നതാണ്.

6. വിദ്യാഭ്യാസ-ഗവേഷണമേഖല.—(1) കേരളത്തിലെ എല്ലാ സംസ്ഥാന സർക്കാർ-എയ്ഡഡ് സ്കൂളുകളിലും X-ാം സ്റ്റാൻഡേർഡ് വരെ നിർബന്ധിത ഒന്നാംഭാഷ മലയാളം ആയിരിക്കേണ്ടതാണ്.

(2) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളഭാഷാവ്യാപനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(3) മലയാളഭാഷയല്ലാതെ മറ്റേതെങ്കിലും ഭാഷ, മാതൃഭാഷയായിട്ടുള്ള വിദ്യാർഥികൾക്ക് അവരുടെ മാതൃഭാഷയ്ക്കുപുറമേ മലയാളഭാഷകൂടി പഠിക്കാൻ അവസരം നൽകേണ്ടതാണ്.

7. ഇതരസംസ്ഥാന-ഭാഷാന്യൂനപക്ഷങ്ങളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—5-ാം വകുപ്പിലോ 6-ാം വകുപ്പിലോ എന്തുതന്നെയടങ്ങിയിരുന്നാലും,—

(1) സംസ്ഥാനത്തെ തമിഴ്, കന്നഡ ഭാഷാന്യൂനപക്ഷക്കാർ സംസ്ഥാന ഗവൺമെന്റ് സെക്രട്ടേറിയറ്റുമായും വകുപ്പധ്യക്ഷന്മാരുമായും ഇക്കാര്യത്തിൽ ഭാഷാന്യൂനപക്ഷ പ്രദേശങ്ങളെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന സംസ്ഥാനസർക്കാരിന്റെ എല്ലാ പ്രാദേശിക ഓഫീസുകളുമായുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അവരുടെ കത്തിടപാടുകളിൽ അവരുടെ ഭാഷകൾ ഉപയോഗിക്കാവുന്നതും അങ്ങനെയുള്ള സംഗതികളിൽ അയയ്ക്കുന്ന മറുപടികൾ അതതു ന്യൂനപക്ഷഭാഷയിൽത്തന്നെ ആയിരിക്കേണ്ടതുമാണ്.

(2) മലയാളഭാഷയല്ലാതെ മറ്റേതെങ്കിലും ഭാഷ, മാതൃഭാഷയായിട്ടുള്ള വിദ്യാർഥികൾക്ക് ദേശീയപാഠ്യപദ്ധതിക്കനുസൃതമായി അവർക്കിഷ്ടമുള്ളതും സംസ്ഥാനത്തെ സ്കൂളുകളിൽ ലഭ്യമായതുമായ ഭാഷകൾ തിരഞ്ഞെടുക്കാവുന്നതാണ്.

(3) ഇതരസംസ്ഥാനങ്ങളിൽനിന്നും വിദേശരാജ്യങ്ങളിൽനിന്നും കേരളത്തിൽ വന്നു പഠിക്കുന്ന വിദ്യാർഥികളെ സംബന്ധിച്ച് IX-ാം സ്റ്റാൻഡേർഡിലും X-ാം സ്റ്റാൻഡേർഡിലും ഹയർസെക്കൻഡറിതലത്തിലും മലയാളപരീക്ഷ എഴുതുന്നത് നിർബന്ധമല്ലാത്തതാണ്.

8. ഏകീകൃത ലിപിവിന്യാസം.—ശാസ്ത്രസാങ്കേതികരംഗത്തെ വികസനത്തിനനുസൃതമായി ഏകീകൃത ലിപിവിന്യാസം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നടപ്പിലാക്കേണ്ടതാണ്.

അധ്യായം IV

കോടതിഭാഷ

9. കോടതിഭാഷ.—(1) ഹൈക്കോടതിയുടെ അനുമതിയോടെ, ജില്ലാ കോടതിവരെയുള്ള കോടതികളിൽ ഉപയോഗിക്കുന്ന ഭാഷയും കേസുകളിലെ വിധിന്യായങ്ങളും ഉൾപ്പെടെ എല്ലാ നടപടികളും ഘട്ടംഘട്ടമായി മലയാളത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ആവശ്യത്തിലേക്കായുള്ള അടിസ്ഥാനസൗകര്യങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം സർക്കാർ ലഭ്യമാക്കേണ്ടതാണ്.

(2) ഹൈക്കോടതിയിൽ അപ്പീൽ ഫയൽചെയ്യുന്നതിനാവശ്യമായ വിധിന്യായങ്ങൾ ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തി നൽകുന്നതിനുള്ള സംവിധാനം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ജില്ലാതലത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

(3) മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെയടങ്ങിയിരുന്നാലും, സർക്കാരിനു കീഴിലുള്ള അർധ ജുഡീഷ്യൽ അധികാരമുള്ള എല്ലാ സ്ഥാപനങ്ങളിലെയും ഉത്തരവുകൾ അല്ലെങ്കിൽ വിധിന്യായങ്ങൾ മലയാളഭാഷയിലായിരിക്കേണ്ടതാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ ഭാഷാന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട ഉത്തരവുകൾ അവരുടെ മാതൃഭാഷയിലോ ഇംഗ്ലീഷിലോ ലഭ്യമാക്കേണ്ടതാണ്.

അധ്യായം V

പൊതുവായ ഭാഷാവ്യാപന നടപടികൾ

10. പൊതുവായ ഭാഷാവ്യാപന നടപടികൾ.—(1) സർക്കാർ അഥവാ സർക്കാരിനു കീഴിലുള്ള സ്വയംഭരണ, സഹകരണ, പൊതുമേഖലാസ്ഥാപനങ്ങളുടെ പേര്, ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര് എന്നിവ രേഖപ്പെടുത്തുന്ന ബോർഡുകൾ, പ്രസ്തുത സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങളുടെ ബോർഡുകൾ എന്നിവ മലയാളത്തിലും ഇംഗ്ലീഷിലും നിർണ്ണയിക്കപ്പെടാവുന്നപ്രകാരം രേഖപ്പെടുത്തേണ്ടതാണ്.

(2) സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ അനുമതിയോടെയോ അംഗീകാരത്തോടെയോ പ്രവർത്തിക്കുന്ന വാണിജ്യ-വ്യവസായ-വ്യാപാരസ്ഥാപനങ്ങൾ, ട്രസ്റ്റുകൾ, കൗൺസലിങ് സെന്ററുകൾ, ആശുപത്രികൾ, ലബോറട്ടറികൾ, വിനോദകേന്ദ്രങ്ങൾ, ഹോട്ടലുകൾ തുടങ്ങിയവയുടെ ബോർഡുകൾ ആദ്യപകുതി മലയാളത്തിലും രണ്ടാംപകുതി ഇംഗ്ലീഷിലും ആയിരിക്കേണ്ടതാണ്.

(3) സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും അർധസർക്കാർ, സഹകരണ സ്ഥാപനങ്ങളുടെയും സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിൽ സ്ഥാപിക്കുന്ന ബോർഡുകളിൽ പ്രദർശിപ്പിക്കുന്ന വിവരങ്ങൾ മലയാളത്തിലായിരിക്കേണ്ടതാണ്. ആവശ്യമുള്ളപക്ഷം, അത്തരം ബോർഡുകൾ ഇംഗ്ലീഷിലോ മറ്റു ഭാഷയിലോ നിർണ്ണയിക്കപ്പെടുന്നപ്രകാരം പ്രദർശിപ്പിക്കാവുന്നതാണ്.

(4) സർക്കാരിൽനിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നോ പ്രതിഫലം വാങ്ങിക്കൊണ്ട് ചെയ്യുന്ന ഏതൊരു പ്രവൃത്തിയോടനുബന്ധിച്ചും സ്ഥാപിക്കുന്ന ബോർഡുകൾ മലയാളത്തിന് പ്രാമുഖ്യം നൽകി പ്രദർശിപ്പിക്കേണ്ടതാണ്.

(5) സർക്കാരിനുകീഴിലുള്ളതോ സർക്കാരിൽനിന്നോ അനുബന്ധ സ്ഥാപനങ്ങളിൽനിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നോ ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യമോ ഇളവോ പ്രതിഫലമോ സ്വീകരിച്ച് നടത്തുന്ന ഏതൊരു സംരംഭവുമായും ബന്ധപ്പെട്ട ബോർഡുകൾ, പരസ്യങ്ങൾ, ബില്ലുകൾ, അറിയിപ്പുകൾ തുടങ്ങിയവ മലയാളത്തിലായിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(6) സംസ്ഥാനത്ത് നിർമ്മിക്കപ്പെടുന്നതോ വിൽക്കപ്പെടുന്നതോ ആയ എല്ലാ വ്യാവസായിക ഉൽപ്പന്നങ്ങളിലും അവയുടെ പേര് മലയാളത്തിൽക്കൂടി രേഖപ്പെടുത്തേണ്ടതും അവയുടെ ഉപയോഗക്രമം വിശദമാക്കുന്ന ഉൽപ്പന്നങ്ങളിൽ അത് മലയാളത്തിൽക്കൂടി രേഖപ്പെടുത്തേണ്ടതുമാണ്.

(7) സർക്കാർ നൽകുന്ന പരസ്യങ്ങൾ, പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ എന്നിവ കേരളത്തിനുള്ളിൽ പ്രചാരണം നൽകുന്നതിന് ഉദ്ദേശിക്കുമ്പോൾ അവ മലയാളത്തിലായിരിക്കേണ്ടതാണ്:

എന്നാൽ മറ്റുഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങളിൽ അതതു ഭാഷകളിൽ അങ്ങനെയുള്ള പരസ്യങ്ങൾ ആവശ്യമെങ്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

(8) സർക്കാർ നടത്തുന്ന പരിപാടികളുടെ ലഘുലേഖകൾ, അറിയിപ്പുകൾ, നോട്ടീസുകൾ തുടങ്ങിയവ മലയാളത്തിൽ ലഭ്യമാക്കേണ്ടതാണ്.

(9) സംസ്ഥാനത്ത് പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങൾ, ബോർഡുകൾ, അറിയിപ്പുകൾ എന്നിവയും സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾ, ആനുകാലികപ്രസിദ്ധീകരണങ്ങൾ എന്നിവയിൽ പ്രസിദ്ധപ്പെടുത്തുന്ന സർക്കാർപരസ്യങ്ങൾ എന്നിവയിലും അവയുടെ വലിപ്പത്തിന്റെ നിശ്ചിതശതമാനം മലയാളത്തിലായിരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പരസ്യങ്ങളുടെ തരംതിരിക്കൽ, മലയാളത്തിലായിരിക്കേണ്ട ഭാഗത്തിന്റെ തോത്/ശതമാനം എന്നിവ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്. അവശ്യം ഇംഗ്ലീഷ് ഉപയോഗിക്കേണ്ട സാഹചര്യങ്ങൾ ഒഴികെയുള്ള അവസരങ്ങളിൽ പരസ്യങ്ങൾ മലയാളത്തിലായിരിക്കേണ്ടതാണ്:

എന്നാൽ തമിഴ്, കന്നഡ ഭാഷാന്യൂനപക്ഷപ്രദേശങ്ങളിൽ അവരുടെകൂടി അറിവിലേക്കു പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങൾ, അറിയിപ്പുകൾ, ബോർഡുകൾ, നോട്ടീസുകൾ എന്നിവ അതതു പ്രദേശത്തെ ന്യൂനപക്ഷഭാഷയിൽക്കൂടി പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അധ്യായം VI

വിവരസാങ്കേതികമേഖലയിൽ മലയാളഭാഷയുടെ ഉപയോഗം

11. വിവരസാങ്കേതികമേഖലയിൽ മലയാളഭാഷയുടെ ഉപയോഗം.—(1) വിവര സാങ്കേതികരംഗത്ത് മലയാളഭാഷയുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി സ്വതന്ത്രസോഫ്റ്റ്വെയറുകളും അനുബന്ധസംവിധാനങ്ങളും വികസിപ്പിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ വിവരസാങ്കേതികവിദ്യാ വകുപ്പ് അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(2) സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും അർധസർക്കാർ സ്ഥാപനങ്ങളുടെയും സ്വയംഭരണ, സഹകരണ, പൊതുമേഖലാസ്ഥാപനങ്ങളുടെയും വെബ്സൈറ്റുകളിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കേണ്ടതും ഡിഫോൾട്ടുപേജ് മലയാളമാക്കേണ്ടതും ഭാഷ തിരഞ്ഞെടുത്ത് ഉപയോഗിക്കത്തക്കവിധം വെബ്സൈറ്റ് സജ്ജമാക്കേണ്ടതുമാണ്.

(3) സർക്കാർവകുപ്പുകളിൽ ഏർപ്പെടുത്തുന്ന ഇ-ഭരണപദ്ധതിയിലെ (മൊബൈൽ ഗവേണൻസ് ഉൾപ്പെടെ) അടിസ്ഥാനഭാഷ മലയാളമായിരിക്കേണ്ടതാണ്.

12. മലയാളഭാഷയുടെ വ്യാപനത്തിന് നൽകുന്ന പ്രോത്സാഹനങ്ങൾ.—മലയാള ഭാഷയുടെ വ്യാപനം കാര്യക്ഷമമാക്കുന്നതിനായി വിവരസാങ്കേതികകാര്യങ്ങളിലുൾപ്പെടെ ക്രിയാത്മകനിർദേശങ്ങൾ സർക്കാരിനു സമർപ്പിക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

13. ഈ ആക്റ്റ് മറ്റു നിയമങ്ങളുടെ പ്രഭാവത്തെ ഇല്ലായ്മ ചെയ്യുന്നതല്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നിലവിലുള്ള നിയമങ്ങളിലെ വ്യവസ്ഥകൾക്കു പുറമേയുള്ളതും അവയുടെ പ്രഭാവത്തെ ഇല്ലായ്മ ചെയ്യുന്നതല്ലാത്തതുമാകുന്നു.

14. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റുവിജ്ഞാപനംവഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റുപ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ പ്രകാരം മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്കു ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

15. വൈഷമ്യങ്ങൾ നീക്കംചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുവഴി, അങ്ങനെയുള്ള വൈഷമ്യം നീക്കംചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിരുദ്ധമല്ലാത്തതുമായ, വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭത്തീയതിമുതൽ രണ്ടു വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പു പ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും അതു പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

16. റദ്ദാക്കലും ഒഴിവാക്കലും.—(1) 1969-ലെ കേരള ഔദ്യോഗികഭാഷകൾ ആക്റ്റ് (1969-ലെ 7) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ആക്റ്റുപ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

Law (Legislation-B) Department

NOTIFICATION

No. 104/Leg.B1/2025/Law. *Dated, Thiruvananthapuram, 5th March, 2026*
21st Kumbham, 1201
14th Phalguna, 1947.

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English Language of the Malayalam Language Act, 2025 (3 of 2026).

By order of the Governor,

K. G. SANAL KUMAR,
Law Secretary.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2025-ലെ മലയാളഭാഷാ ആക്റ്റ്" published under the authority of the Governor.]

ACT 3 OF 2026

THE MALAYALAM LANGUAGE ACT, 2025

An Act to provide for the adoption of Malayalam language as the official language of the State of Kerala and Malayalam to be used for all official purposes, to provide for the application of Malayalam language in all sectors in Kerala, subject to the provisions of the Constitution of India, to ensure the growth, dissemination, enrichment and protection of Malayalam language and for matters connected therewith or incidental thereto.

Preamble.—WHEREAS, it is expedient to provide for the adoption of Malayalam language as the official language of the State of Kerala and Malayalam to be used for all official purposes, to provide for the application of Malayalam language in all sectors in Kerala, subject to the provisions of the Constitution of India, to ensure the growth, dissemination, enrichment and protection of Malayalam language and for matters connected therewith or incidental thereto;

BE it enacted in the Seventy-sixth Year of the Republic of India as follows:—

CHAPTER I
PRELIMINARY

1. *Short title and commencement.*—(1) This Act may be called the Malayalam Language Act, 2025.

(2) It shall come into force at once.

2. *Definitions*.—In this Act, unless the context otherwise requires,—

(a) "authorised officer" means Secretary to the Government in charge of the administration of this Act or such officer as may be authorised by him;

(b) "first language" means the language which shall compulsorily be taught as part of linguistics;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(c) “Government” means the Government of Kerala;

(d) “linguistic minorities” means the people who traditionally use Tamil and Kannada languages for communication and who domiciled in areas declared as linguistic minority in the State of Kerala;

(e) “official language” means the language used for official communication in the State;

(f) "prescribed" means prescribed by rules made under this Act;

(g) “State” means State of Kerala.

CHAPTER II
MALAYALAM LANGUAGE DEVELOPMENT DEPARTMENT AND MALAYALAM LANGUAGE DEVELOPMENT DIRECTORATE

3. *Malayalam Language Development Department and Malayalam Language Development Directorate*.—(1) The existing Personnel and Administrative Reforms (Official Language) Department in the Government Secretariat shall be renamed as the Malayalam Language Development Department.

(2) The Government shall constitute a Malayalam Language Development Directorate under the control of the Department under sub-section (1), by re-deploying the officers of various department of the Government and such Directorate shall perform the duties, as may be prescribed.

CHAPTER III
USE OF OFFICIAL LANGUAGE

4. *Legislative Sector*.—(1) Subject to the Official Languages Act, 1963 (Central Act 19 of 1963), in relation to the law making in the State,—

(i) in Bills to be introduced in, and in Acts passed by, the Kerala Legislative Assembly;

(ii) in all Ordinances promulgated by the Governor of Kerala under Article 213 of the Constitution of India;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) in all orders, rules, regulations or bye-laws issued by the Government under the Constitution of India, or under any law made by the Parliament or the Kerala Legislative Assembly

the language to be used shall be Malayalam and when Malayalam language is so used, a translation thereof in English shall also be published.

(2) Important Central Acts and State Acts published in English shall be translated into Malayalam, incorporating amendments made therein, within such period, as may be prescribed.

(3) The rules made under enactments and published in English shall also be published in Malayalam within such period as may be prescribed.

5. *Official Language Sector*.—(1) Subject to Articles 346 and 347 of the Constitution of India, the language to be used for all official purposes in the State of Kerala shall be Malayalam.

(2) Sub-section (1) shall be applicable to all existing Departments and all Departments to be newly constituted under the State Government and Local Self Government Institutions and Quasi-Governmental Institutions, Autonomous, Co-operative, Public sector Undertakings under the Government:

Provided that English may be used for correspondence with the Government of India, Institutions under the Government of India, foreign countries, other States, High Court, Supreme Court etc., and in any other circumstances where English has to be used as provided by law and with people speaking languages other than Tamil and Kannada, the minority languages in the State.

6. *Education and Research Sector*.—(1) Malayalam shall be the compulsory first language in all Government and aided schools in Kerala up to the Xth Standard.

(2) Steps shall be taken to promote dissemination of Malayalam language in all schools in the State.

(3) Students whose mother tongue is any language other than Malayalam, opportunity shall be given to study Malayalam language in addition to their mother tongue.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. *Special provisions regarding other State-Linguistic Minorities*.—Notwithstanding anything contained in Section 5 or Section 6,—

(1) The Tamil and Kannada linguistic minorities in the State may use their languages for their correspondence with the State Government Secretariat, Heads of Department and all local offices of the State Government situated in those areas declared by the Government to be linguistic minority areas for the purpose and replies send in such case shall be in their respective minority languages.

(2) Students, whose mother tongue is any language other than Malayalam may choose languages of their choice and are available in the schools of the State in accordance with the National Education Curriculum.

(3) With respect to students who come from other States and foreign countries to Kerala for studying, it is not compulsory to write the Malayalam examination in IXth Standard, Xth Standard and Higher Secondary Level.

8. *Unified Script Layout*.—A unified script layout shall be implemented in the manner as may be prescribed in accordance with the development of Science and Technology.

CHAPTER IV
LANGUAGE IN THE COURT

9. *Language in the court*.—(1) With the permission of the High Court, measures shall be taken in a phased manner, to translate all proceedings, including the judgments and language used in courts up to the District Courts into Malayalam. For that purpose, the Government shall provide required infrastructure facilities, as may be prescribed.

(2) A system, as may be prescribed shall be established at the district level for translating judgments into English, required for filing appeal before the High Court.

(3) Notwithstanding anything contained in any other Act, the orders or judgments of all institutions under the Government having quasi-judicial powers shall be in Malayalam Language:

Provided that orders relating to linguistic minorities shall be made available in their mother tongue or English.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

CHAPTER V

GENERAL MEASURES FOR THE DISSEMINATION OF LANGUAGE

10. *General Measures for the dissemination of language*.—(1) The board displaying the name of the Government undertakings or autonomous bodies, co-operative and public undertakings, name of the officers and designations and the boards used in the vehicles under the control of such institutions shall also be in Malayalam and in English as may be prescribed.

(2) The first half of boards displaying the names of commercial-industrial and business undertakings, trusts, counselling centres, hospitals, laboratories, amusement centres and hotels functioning with the approval and sanction of Government or Local Self Government Institutions, shall be in Malayalam and the second half shall be in English.

(3) The particulars displayed on the boards erected under the supervision of various departments in Government, quasi-government and co-operative institutions and Local Self Government Institutions of the State, shall be in Malayalam. If necessary, such boards may be displayed in English or in other language as may be prescribed.

(4) The boards erected in relation to works carried out, by accepting consideration from the Government or Local Self Government Institutions shall be displayed giving prominence to Malayalam.

(5) Boards, advertisements, bills, notices etc. in connection with any project under the Government or implemented, with any kind of consideration, grant, concession from Government or allied Institutions or Local Self Government Institutions shall be in Malayalam.

(6) In all industrial products manufactured and sold in the State, the name of the products and directions for its use shall also be in Malayalam.

(7) Advertisements and notifications issued by the Government intended for publication within Kerala shall be in Malayalam:

Provided that such advertisements may be published in the respective language if necessary in the medias published in other languages.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(8) The pamphlets, informations, notices etc. of programmes conducted by Government shall be made available in Malayalam.

(9) A fixed percentage of the size of the boards, displaying advertisements and notices published for the information of the general public, in the State, and the Government advertisements published in newspapers, periodicals etc. in the State shall be in Malayalam. For this purpose, the classification of advertisements, the number/percentage of portions of advertisements to be displayed in Malayalam shall be, in such manner as may be prescribed. Except where the use of English is essential, the advertisement shall be in Malayalam:

Provided that advertisements, intimations, boards and notices published for the information of the Tamil and Kannada linguistic minority areas shall also be published in the minority language of the respective area.

CHAPTER VI

USE OF MALAYALAM LANGUAGE IN INFORMATION AND TECHNOLOGY SECTOR

11. *Use of Malayalam language in Information and Technology Sector.*—(1) Information Technology Department shall take initiatives to develop in the prescribed manner, open source software and accessories for the efficient use of Malayalam language in the field of Information Technology.

(2) The information in the websites of various departments of Government, Quasi-Governmental Institutions, Public Sector Undertakings, Autonomous Bodies, Co-operative Societies shall also be made available in Malayalam as well, the default page shall be in Malayalam and the website shall be equipped for selecting the language to be used therein.

(3) The facility shall be made available for the use of Malayalam in the e-governance projects (including mobile governance) being implemented in the Government departments.

12. *Incentives for the dissemination of Malayalam Language.*—Scheme shall be formulated for providing incentives to persons who provide creative suggestions to the Government for the effective dissemination of Malayalam language in the field of Information Technology also.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

13. *Act not to override the effect of other laws*.—The provisions of this Act shall be in addition to the provisions of existing laws and shall not have overriding effect.

14. *Power to make rules*.—(1) The Government may, by notification in the Gazette, make rules, either prospectively or retrospectively, for carrying out the purposes of this Act.

(2) Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be; so however that any such modification or annulment shall be without prejudice to the validity of anything previously done under that rule.

15. *Power to remove difficulties*.—(1) If any difficulty arises in giving effect to the provisions of this Act, the Government may, by order published in the Gazette, make provisions not inconsistent with the provisions of this Act which appear to be necessary or expedient, for removing the difficulty:

Provided that no such order shall be made after the expiry of a period of two years from the date of commencement of this Act.

(2) Every order made under sub-section (1) shall, as soon as may be after it is made, be laid before the Legislative Assembly.

16. *Repeal and Saving.*—(1) The Kerala Official Languages Act, 1969 (7 of 1969) is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the said Act shall be deemed to have been done or taken under this Act.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.06 06:59:19 +05:30